"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശുവികസന വകുപ്പ് - മിഷൻ വാത്സല്യ പദ്ധതി- 2025-26 ബജറ്റ് വിഹിതത്തിൽ സ്പോൺസർഷിപ്പ് ഇനത്തിൽ 2235-02-102-14 (01 Central) ശീർഷകത്തിൽ ലഭ്യമായ 75,00,000/-രൂപയും 2235-02-102-14 (02 State) ശീർഷകത്തിൽ 50,00,000/-രൂപയും ചേർത്ത് ആകെ 1,25,00,000/-രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പദ്ധതിയുടെ ഭാഗമായുള്ള SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.255/2025/WCDD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:- വനിത ശിശു വികസന ഡയറക്ടറുടെ 03-05-2025 തീയതിയിലെ DWCD/2798/2025-ICPS 10 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ വാത്സല്യയുടെ കീഴിൽ സ്പോൺസർഷിപ്പ് ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകയും ആയതിന്റെ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് പദ്ധതിയുടെ ഭാഗമായുള്ള SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനു അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം വനിത ശിശു വികസന ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മിഷൻ വാത്സല്യയുടെ കീഴിലുള്ള സ്പോൺസർഷിപ്പിനു 2024-25 വർഷത്തെ ആദ്യ ഗഡു കേന്ദ്ര വിഹിതമായി ലഭിച്ച 3,14,20,800/- രൂപയും ആയതിന്റെ ആനുപാതിക സംസ്ഥാന വിഹിതമായ 2,09,47,200/- രൂപ ചേർത്ത് ആകെ 5,23,68,000/- രൂപ സ്പോൺസർഷിപ്പിനായി അനുവദിച്ച SNA അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ട് എന്നും ആയതിലേക്കായി നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ 2235-02-102-14 (01 Central) ശീർഷകത്തിൽ വകയിരുത്തിയ 75,00,000/-രൂപ 2235-02-102-14 (02 State) ശീർഷകത്തിൽ വകയിരുത്തിയ 50,00,000/- രൂപ എന്നിവ കഴിച്ചുള്ള തുക പ്രസ്തുത ശീർഷകങ്ങളിൽ അധിക ധന സമാഹരണം വഴി അനുവദിക്കേണ്ടതുണ്ട് എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു .2025-26 സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിൽ മിഷൻ വാത്സല്യയുടെ കീഴിലുള്ള സ്പോൺസർഷിപ്പിന് 2235-02-102-14

(01 Central) ശീർഷകത്തിൽ ലഭ്യമായ 75,00,000/-രൂപയും 2235-02-102-14 (02 State) ശീർഷകത്തിൽ ലഭ്യമായ 50,00,000/-രൂപയും ചേർത്ത് ആകെ 1,25,00,000/-രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പദ്ധതിയുടെ സ്പോൺസർഷിപ്പ് ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുള്ള സ്കീം കോഡായ KL 346 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടായ State Bank of India ന്റെ 42000525708 IFSC Code SBIN0000941 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ് എസ് എ/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 03-06-2025 15:56:30